**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **10-06-2021 - ൽ മറുപടിയ്ക്ക്**

**ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി-തുരങ്കപാത സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | പ്രാഥമിക സർവ്വേ SPV ആയ കൊങ്കൺ റെയിവേ പൂർത്തിയാക്കി. ഇപ്പോൾ വനം വകുപ്പിൽ നിന്നും ലഭ്യമായ വനഭൂമിയുടെ മാപ്പുകൾ സർവ്വേ സ്കെച്ചുമായി താരതമ്യം ചെയ്ത്, സർവ്വേ സ്കെച്ച്, വനഭൂമിയുടെ മാപ്പ് എന്നിവ ഒന്നിച്ചാക്കി രൂപരേഖ തയ്യാറാക്കുന്ന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പാതയ്ക്ക് ഏതൊക്കെ കേന്ദ്ര ഏജൻസി/ വകുപ്പുകളുടെ അംഗീകാരമാണ് ആവശ്യമുള്ളത്; അതിൽ ഏതൊക്കെ ഏജൻസി/വകുപ്പുകളുടെ അംഗീകാരം ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ട തായുണ്ട്. ആയത് ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പ്രൊജക്ടിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; കിഫ്ബിയിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത പ്രോജക്ട് നിർമ്മാണത്തിന് 14.05.2020 ലെ സർക്കാർ ഉത്തരവ് (കൈ) നം.46/2020/പൊ.മ.വ. പ്രകാരം കിഫ്ബി യിൽ നിന്നും 658 കോടി രൂപ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി കൊങ്കൺ റെയിൽവേ കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് എസ്റ്റിമേറ്റ് പ്രക്രിയ പൂർത്തിയാക്കി വരുന്നു. ആയതിനാൽ യഥാർത്ഥ തുക കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ